(സി) തൃശൂർ മെഡിക്കൽ കോളേജ് ടൗൺ ആശുപത്രിയിൽ എച്ച്.ഡി.സി. ജീവനക്കാർക്ക് നൽകിവരുന്ന വേതനം പ്രതിദിനം 100 രൂപ മുതൽ 130 രൂപ വരെയാണ്. അസിസ്റ്റന്റ് റേഡിയോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, പീഡിയട്രീഷ്യൻ എന്നിവർക്ക് പ്രതിമാസം 7000 രൂപ മുതൽ 7500 രൂപവരെ നൽകുന്നുണ്ട്. മുളങ്കുന്നത്തുകാവിലുള്ള ആശുപത്രിയിൽ ഡ്രൈവർ, സെക്യൂരിറ്റി എന്നിവർക്കു പ്രതിദിനം 95 രൂപയും, ക്ലാർക്കിന് പ്രതിദിനം 85 രൂപയും ക്ലീനർ, ഹെൽപ്പർ എന്നിവർക്ക് പ്രതിദിനം 75 രൂപയും, നേഴ്സ്/ടെക്നീഷ്യൻ എന്നിവർക്ക് പ്രതിദിനം 100 രൂപ വീതവും വേതനം നൽകിവരുന്നു.

(ഡി & ഇ) എച്ച്. ഡി.സി.-യുടെ കീഴിൽ സ്ഥിരം തസ്തികകളോ ജീവനക്കാരോ ഇല്ല. ആയതിനാൽ ദിവസക്കൂലി അടിസ്ഥാനത്തിലാണ് എച്ച്.ഡി.സി. വഴി ജീവനക്കാരെ നിയമമിക്കുന്നത്. ദിവസക്കൂലി ജീവനക്കാർക്ക് സർക്കാർ അപ്പപ്പോൾ നിശ്ചയിക്കുന്ന തുകയാണ് എച്ച്.ഡി.സി നിയമിക്കുന്ന ജീവനക്കാർക്കും വേതനമായി നൽകേണ്ടതെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പാരമ്പര്യ വൈദ്യഫെഡറേഷന്റെ നിവേദനം

164 (3354) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഡ്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ ആവശ്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

ആശുപത്രികളിലെ ഭക്ഷ്യസാധനങ്ങളുടെ വിതരണം

165 (3355) ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീ. യു. എസ് ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആശുപത്രികളിലേക്കുള്ള ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഇപ്പോഴുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly